മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂലൈ 20

# വാർത്താക്കുറിപ്പ്

---

## പ്രവൃത്തി പരിചയ ശില്പശാല ആഗസ്റ്റ് 22 മുതൽ 28 വരെ

മഹാത്മാഗാന്ധി സർവ്വകലാശാലയുടെയും ഛണ്ഡീഗഢ്, പഞ്ചാബ് സർവ്വകലാശാലയുടെയും ആഭിമുഖ്യത്തിൽ 'ആസാദി കാ അമൃത് മഹോത്സവത്തിന്റെ' ഭാഗമായി ആഗസ്റ്റ് 22 മുതൽ 28 വരെ പ്രവൃത്തി പരിചയ ശില്പശാല സംഘടിപ്പിക്കുന്നു. മൈക്രോസ്കോപ്പി, സ്പെക്ട്രോസ്കോപ്പി എന്നീ സാങ്കേതിക വിദ്യകളിലെ നൂതനമായ ഉപകരണങ്ങളുടെ പ്രവൃത്തി പരിചയം ലക്ഷ്യമാക്കിക്കൊണ്ട് സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസിൽ വച്ചാണ് ശില്പശാല നടത്തുന്നത്. ഇന്ത്യയിലുടനീളമുള്ള അപേക്ഷകരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന മുപ്പത് പേർക്കാണ് അവസരം ലഭിക്കുക. കൂടുതൽ വിവരങ്ങൾക്ക്: saif@mgu.ac.in/Events സന്ദർശിക്കുക.

(പി.ആർ.ഒ./39/945/2022)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർസ്കൂൾ സെന്റർ ആയ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസസിൽ (ഐ.ഐ.ആർ.ബി.എസ്.) അഞ്ചു വർഷ ഇന്റഗ്രേറ്റഡ് എം.എസ്.സി. (2022-2027) എസ്.ടി. സംവരണ വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. സയൻസ് മുഖ്യവിഷയമായി പ്ലസ് ടു യോഗ്യതയുള്ള അർഹരായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. എസ്.ടി. വിഭാഗം വിദ്യാർത്ഥികളുടെ അഭാവത്തിൽ എസ്.സി. വിഭാഗം വിദ്യാർത്ഥികളെ പരിഗണിക്കും. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂലൈ 22 ന് രാവിലെ 10.30 ന് സ്പോട്ട് അഡ്മിഷന് വകുപ്പ് ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0481 2731445 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

(പി.ആർ.ഒ./39/946/2022)

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെന്റ് (എം.ടി.ടി.എം) പ്രോഗ്രാമിൽ 2022-23 അധ്യയന വർഷം എസ്.സി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. ഏതെങ്കിലും വിഷയത്തിൽ 50 ശതമാനം മാർക്കോടെ ബിരുദമുള്ള താൽപര്യമുള്ള വിദ്യാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 22 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ക്യാമ്പസ്സിലുള്ള സ്കൂൾ ഓഫ് ടൂറിസം

സ്റ്റഡീസിൽ എത്തിച്ചേരുക. കൂടുതൽ വിവരങ്ങൾക്ക് 0481-2732922, 9847700527 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

(പി.ആർ.ഒ./39/947/2022)

## പ്രാക്ടിക്കൽ പരീക്ഷ

എട്ടാം സെമസ്റ്റർ ബി.എച്ച്.എം. (2018 അഡ്മിഷൻ - റെഗുലർ / 2014-2017 അഡ്മിഷൻ - സപ്ലിമെന്ററി / 2013 അഡ്മിഷൻ - മെഴ്സി ചാൻസ്) ജൂലൈ 2022 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ പാലാ, സെന്റ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയിൽ ജൂലൈ 30 ന് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/948/2022)

## അപേക്ഷാ തീയതി

എട്ടാം സെമസ്റ്റർ ബി.പി.ഇ.എസ്. (2018 അഡ്മിഷൻ - റെഗുലർ / 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി) ബിരുദ പ്രോഗ്രാമിന്റെ പ്രോജക്ട് ഇവാല്യുവേഷന് പിഴയില്ലാതെ ആഗസ്റ്റ് ഒന്ന് വരെയും 525 രൂപ പിഴയോടു കൂടി ആഗസ്റ്റ് രണ്ടിനും 1050 രൂപ സൂപ്പർഫൈനോടു കൂടി ആഗസ്റ്റ് മൂന്നിനും അപേക്ഷിക്കാം.

(പി.ആർ.ഒ./39/949/2022)

## പരീക്ഷാ ഫലം

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് 2022 ഏപ്രിൽ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ടി.ടി.എം. - റെഗുലർ (2020-2022 ബാച്ച്) (ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി സ്റ്റഡീസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/950/2022)

ഡോ. കെ.എൻ. രാജ് സെന്റർ ഫോർ പ്ലാനിംഗ് ആൻഡ് സെന്റർ - സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസ് 2022 ഏപ്രിൽ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (2021-23 ബാച്ച്) (സോഷ്യൽ സയൻസസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/951/2022)

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് 2022 മാർച്ചിൽ നടത്തിയ പി.എച്ച്.ഡി. കോഴ്സ് വർക്ക് (ബിഹേവിയറൽ സയൻസസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/952/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**